സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007
സത്യാന്ന പ്രമദിതവ്യം
PEOPLE REVIEW
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 ജൂൺ 8 വ്യാഴം
ptnizar@rediffmail.com 9037319971
www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ



റഷ്യയിലെ മഗദാനില ഡോർമെറ്ററിക്കുള്ളിൽ കഴിയുന്ന വിമാന യാത്രക്കാർ

## റഷ്യയിൽ കുടുങ്ങിയ യാത്രക്കാർക്കായി എയർ ഇന്ത്യ പകരം വിമാനമയച്ചു; ഇന്ന് യു.എസിലെത്തും

ന്യൂഡൽഹി: റഷ്യയിൽ കുടുങ്ങിയ എയർ ഇന്ത്യ യാത്രക്കാർക്കായി പകരം വിമാനമയച്ച് കമ്പനി. റഷ്യയിലെ മഗദാനിലാണ് യാത്രക്കാർ കുടുങ്ങിയിരിക്കുന്നത്. ഇന്ത്യയിൽനിന്ന് സാൻഫ്രാൻസിസ്കോയിലേക്ക് പോയ എയർ ഇന്ത്യ വിമാനം എൻജിൻ തകരാറിലായതിനെ തുടർന്ന് മഗദാനിൽ അടിയന്തരമായി ഇറക്കിയതോടെയാണ് യാത്രക്കാർ കുടുങ്ങിയത്. ഇന്നലെയായിരുന്നു ഡൽഹിയിൽ നിന്ന് അമേരിക്കയിലെ സാൻഫ്രാൻസിസ്കോയിലേക്ക് പുറപ്പെട്ട എയർ ഇന്ത്യയുടെ എ.ഐ 173 വിമാനമാണ് അടിയന്തരമായി ഇറക്കിയത്. 216 യാത്രക്കാരും 16 ജീവനക്കാരുമാണ് വിമാനത്തിലുണ്ടായിരുന്നത്. മോസ്കോയിൽ നിന്ന് 10,000 കി.മി ദൂരെയുള്ള ഒറ്റപ്പെട്ടയിടത്താണ് വിമാനം ലാൻഡ് ചെയ്തത്. വിമാനത്താവളത്തിൽ അടിസ്ഥാന സൗകര്യമില്ലാത്തതിനാലും ഹോട്ടൽ സൗകര്യം ലഭ്യമല്ലാത്തതിനാലും ഡോർമെറ്ററികളിലും സ്കൂൾ കെട്ടിടങ്ങളിലുമാണ് യാത്രക്കാർക്ക് താമസ സൗകര്യമൊരുക്കിയത്. ഭാഷ പ്രശ്നങ്ങൾക്ക് പുറമെ ഭക്ഷണവും താമസസൗകര്യമില്ലാത്തതും കുട്ടികളും മുതിർന്നവരും അടങ്ങുന്ന യാത്രക്കാരെ കുഴക്കിയിരുന്നു. സാൻഫ്രാൻസിസ്കോ വിമാനത്താവളത്തിൽ ഗ്രൗണ്ട് സ്റ്റാഫിന്റെ എണ്ണം വർധിപ്പിച്ചിട്ടുണ്ടെന്ന് എയർ ഇന്ത്യ അറിയിച്ചു. പ്രാദേശിക സമയം 12.15ന് സാൻഫ്രാൻസിസ്കോയിലെത്തുന്ന വിമാനത്തിലെ യാത്രക്കാർക്ക് വേണ്ട എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ടെന്ന് എയർപോർട്ട് അധികൃതരും വ്യക്തമാക്കി.

# ബ്രിജ് ഭൂഷണിനെതിരായ അന്വേഷണം 15നകം തീർക്കുമെന്ന് കേന്ദ്രം

## സമരത്തിന് ഇടവേള പ്രഖ്യാപിച്ച് ഗുസ്തി താരങ്ങൾ

ന്യൂഡൽഹി: ദേശീയ ഗുസ്തി ഫെഡറേഷൻ അധ്യക്ഷൻ ബ്രിജ് ഭൂഷൺ ശരൺ സിംഗിനെതിരേയുള്ള അന്വേഷണം ജൂൺ 15നകം പൂർത്തിയാക്കുമെന്ന് കേന്ദ്രം. കേന്ദ്രമന്ത്രി അനുരാഗ് ഠാക്കൂറുമായി താരങ്ങൾ നടത്തിയ ആറ് മണിക്കൂർ നീണ്ട ചർച്ചയിലാണ് തീരുമാനം. അന്വേഷണം സംബന്ധിച്ച് കേന്ദ്രത്തിന്റെ ഉറപ്പ് ലഭിച്ചതിനാൽ 15 വരെ സമരത്തിന് ഇടവേള പ്രഖ്യാപിച്ചിരിക്കുകയാണ് താരങ്ങൾ. 15നകം കേന്ദ്രം നടപടിയെടുത്തില്ലെങ്കിൽ സമരവുമായി മുന്നോട്ട് പോകുമെന്ന് സാക്ഷി മാലിക് വ്യക്തമാക്കി.

തുടർന്നുള്ള സമരപരിപാടികൾ കർഷക സംഘടനകളും ഖാപ് പഞ്ചായത്തുമായി ചേർന്ന് തീരുമാനിക്കും. 15ന് മുൻപ അന്വേഷണം പൂർത്തിയാക്കാമെന്നും അതുവരെ സമരം നിർത്തിവയ്ക്കണമെന്നുള്ള കായിക മന്ത്രിയുടെ അഭ്യർഥന മാനിച്ചാണ് തീരുമാനം.



കേന്ദ്ര കായികമന്ത്രി അനുരാഗ് ഠാക്കൂറുമായുള്ള ചർച്ചക്ക് ശേഷം പുറത്തേക്ക് വരുന്ന ഗുസ്തി താരങ്ങൾ

ബ്രിജ് ഭൂഷണിനെ അറസ്റ്റ് ചെയ്യണമെന്നതടക്കമുള്ള അഞ്ച് ആവശ്യങ്ങളാണ് താരങ്ങൾ അനുരാഗ് ഠാക്കൂറിനു മുൻപാകെ വെച്ചത്. ഗുസ്തി ഫെഡറേഷനിലേക്ക് സ്വതന്ത്രവും നീതിപൂർവവുമായി തെരഞ്ഞെടുപ്പ് നടക്കണമെന്നും ഒരു വനിതയെ അധ്യക്ഷ സ്ഥാനത്തേക്ക് നിയോഗിക്കണമെന്നതുമാണ് അതിൽ പ്രധാനം. ബ്രിജ് ഭൂഷണിനെയോ അയാളുടെ കുടുംബത്തെയോ ഗുസ്തി ഫെഡറേഷന്റെ ഭാഗമാക്കരുത്. വനിതാ താരങ്ങളുടെ സുരക്ഷാ ഉറപ്പുവരുത്തും. എല്ലാ ഗുസ്തി താരങ്ങൾക്കുമെതിരേയുള്ള എഫ്.ഐ.ആർ പിൻവലിക്കണമെന്നുള്ള ആവശ്യങ്ങൾ സർക്കാർ അംഗീകരിച്ചതായും മന്ത്രിയുമായുള്ള കൂടിക്കാഴ്ചക്ക് ശേഷം ബജ്റംഗ് പുനിയ മാധ്യമങ്ങളോട് പറഞ്ഞു. എന്നാൽ ബ്രിജ് ഭൂഷണിന്റെ അറസ്റ്റ് സംബന്ധിച്ച് ധാരണയായില്ല എന്നാണ് സൂചന. ബ്രിജ് ഭൂഷണെതിരായ പരാതികളിൽ ജൂൺ 15നകം അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കുമെന്ന് കായികമന്ത്രി അനുരാഗ് ഠാക്കൂർ കൂടിക്കാഴ്ചയ്ക്ക് ശേഷം പ്രതികരിച്ചു. ഡബ്ല്യു.എഫ്.ഐയുടെ തെരഞ്ഞെടുപ്പ് ജൂൺ 30നകം നടത്തുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി. ഗുസ്തി താരങ്ങളുയർത്തുന്ന വിഷയങ്ങളും ആശങ്കകളും വിശദമായി ചർച്ച ചെയ്യാൻ സന്നദ്ധമാണെന്ന് അനുരാഗ് ഠാക്കൂർ ഇന്നലെ രാത്രി ട്വീറ്റ് ചെയ്തിരുന്നു. ഇതിന് പിന്നാലെയാണ് ചർച്ച നടത്തിയത്.

# എ.ഐ ക്യാമറ പ്രവർത്തനം തുടങ്ങിയതോടെ ഗതാഗത നിയമലംഘനം കുറഞ്ഞതായി മോട്ടോർ വാഹനവകുപ്പ്

തിരുവനന്തപുരം: എ.ഐ ക്യാമറ പ്രവർത്തനം തുടങ്ങിയതോടെ ഗതാഗത നിയമലംഘനം കുറഞ്ഞതായി മോട്ടോർ വാഹനവകുപ്പ്. ആറിന് 49,317 ആയിരുന്നു നിയമലംഘനം, എന്നാൽ ഇന്നലെ വൈകീട്ട് അഞ്ച് മണിവരെ 39,449 നിയമലംഘനങ്ങളാണ് എ.ഐ ക്യാമറയിൽ കുടുങ്ങിയത്. 9,868 കേസുകളാണ് കുറഞ്ഞത്. ഇന്നലെ 7,390 നിയമലംഘനം റിപ്പോർട്ട് ചെയ്ത തിരുവനന്തപുരം ജില്ലയിലാണ് ഏറ്റവും കൂടുതൽ. 601 നിയമലംഘനമുള്ള വയനാടാണ് ഏറ്റവും കുറവ്. സംസ്ഥാനത്ത് ട്രാഫിക് നിയമലംഘനങ്ങൾ പിടികൂടാൻ ക്യാമറകൾ പ്രവർത്തിച്ച് തുടങ്ങിയെങ്കിലും പിഴ ഈടാക്കുന്നതിൽ അനിശ്ചിതത്വം തുടരുകയാണ്.



തിങ്കളാഴ്ച രാവിലെ മുതൽ നിയമലംഘനങ്ങൾ കണ്ടെത്തി സോഫ്റ്റുവയറിലേക്ക് അപ്ലോഡ് ചെയ്തെങ്കിലും ആർക്കും എസ്.എം.എസ് പോയില്ല.ഇത്രയും അധികം നിയമലംഘനങ്ങൾ ഒരുമിച്ച് അപ്ലോഡ് ചെയ്യുമ്പോൾ സോഫ്റ്റുവെയറിൽ മാറ്റം വരുത്താൻ എൻ.ഐ.സി സമയം ആവശ്യപ്പെട്ടിട്ടുണ്ടെന്നാണ് വിശദീകരണം. ഒരു ദിവസം 25,000 പേർക്ക് നോട്ടീസ് അയക്കാനാണ് തീരുമാനിച്ചിരുന്നത്. മൂന്നു ദിവസത്തെ നിയമ തടസങ്ങൾ ഒരുമിച്ചാകുമ്പോൾ കൺട്രോൾ റൂമുകളിൽ നിന്നും പോസ്റ്റൽ വഴി നോട്ടീസയക്കുന്നതും വലിയ വെല്ലുവിളിയാണ്. അതിനാൽ കൺട്രോൾ റൂമിലെ പരിശോധനയിൽ കൃത്യം നിയമലംഘനങ്ങൾ തെളിഞ്ഞിട്ടുള്ളവർക്ക് മാത്രം നോട്ടീസ് നൽകിയാൽ മതിയെന്നാണ് നിർദേശം.

## ഗുണ്ടാത്തലവൻ സഞ്ജീവ് ജീവ ലഖ്നൗ കോടതിക്കുള്ളിൽ കൊല്ലപ്പെട്ടു

ലഖ്നൗ: ഉത്തർ പ്രദേശിലെ ലഖ്നൗ കോടതിക്കുള്ളിൽ വെച്ച് ഗുണ്ടാത്തലവനെ വെടിവച്ചുകൊന്നു. ഗുണ്ടാസംഘത്തലവനായ സഞ്ജീവ് ജീവയെയാണ് വെടിവച്ചുകൊന്നത്. അഭിഭാഷക വേഷത്തിലെത്തിയ അക്രമിയാണ് വെടിവച്ചത്. ആക്രമത്തിൽ ഒരു പോലിസുകാരനും യുവതിക്കും പരുക്കേറ്റു.



സഞ്ജീവ് ജീവ

അക്രമി രക്ഷപ്പെട്ടു. കുപ്രസിദ്ധ ഗുണ്ട നേതാവ് ആതിഖ് അഹ്മദിനെയും സഹോദരനെയും പോലിസ് കസ്റ്റഡിയിൽ വെടിവച്ച് കൊലപ്പെടുത്തി രണ്ട് മാസങ്ങൾക്ക് ശേഷമാണ് മറ്റൊരു കൊലപാതകം നടക്കുന്നത്. ബി.ജെ.പി നേതാവിനെ കൊലപ്പെടുത്തിയതുൾപ്പെടെ നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയായ സഞ്ജീവ് ജീവ ഗുണ്ടാനേതാവും മുൻ എം.എൽ.എയുമായ മുക്താർ അൻസാരിയുടെ സഹായിയുമാണ്.

## നാല് വയസുള്ള മകളെ അച്ഛൻ വെട്ടിക്കൊന്നു; അമ്മയേയും വെട്ടിപ്പരുക്കേൽപ്പിച്ചു

ആലപ്പുഴ: പുന്നമ്മൂട്ടിൽ നാല് വയസുകാരിയെ പിതാവ് മഴുകൊണ്ട് വെട്ടിക്കൊലപ്പെടുത്തി. മാവേലിക്കര പുന്നമൂട് ആനക്കൂട്ടിൽ നക്ഷത്രയാണ് കൊല്ലപ്പെട്ടത്. സംഭവവുമായി ബന്ധപ്പെട്ട് നക്ഷത്രയുടെ പിതാവ് മഹേഷിനെ (38) പോലീസ് കസ്റ്റഡിയിൽ എടുത്തു. അമ്മ സുനന്ദയേയും മഹേഷ് വെട്ടിപ്പരിക്കേൽപ്പിച്ചു. ഇവരുടെ നില ഗുരുതരമാണ്. മഹേഷിന്റെ ഭാര്യ രണ്ട് വർഷം മുമ്പ് ആത്മഹത്യ ചെയ്തിരുന്നുവെന്നും അതിന് ശേഷം കുഞ്ഞിനൊപ്പമായിരുന്നു താമസമെന്നും പ്രദേശവാസികൾ പറഞ്ഞു. കഴിഞ്ഞ ദിവസം രാത്രി ഏഴരയോടെയാണ് സംഭവം. ബഹളം കേട്ട് തൊട്ടടുത്ത വീട്ടിൽ



നക്ഷത്ര, മഹേഷ്

നിന്ന് മഹേഷിന്റെ അമ്മ സുനന്ദ ഓടിയെത്തിയപ്പോൾ വെട്ടേറ്റ് സോഫയിൽ ചോരയിൽ കുളിച്ച് കിടക്കുന്ന നക്ഷത്രയെ കണ്ടു. നിലവിളിച്ചുക്കൊണ്ട് പുറത്തേക്കോടിയ സുനന്ദയെയും മഹേഷ് പിന്തുടർന്ന് ആക്രമിച്ചു. സുനന്ദയുടെ കൈക്കാണ് വെട്ടേറ്റിട്ടുള്ളത്. ഇവരെ ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

## അമൽജ്യോതിയിലെ ബിരുദ വിദ്യാർഥിനിയുടെ ആത്മഹത്യ; കേസ് നല്ല നിലയിൽ അന്വേഷിക്കും: കോട്ടയം എസ്.പി

കോട്ടയം: അമൽജ്യോതിയിലെ ബിരുദ വിദ്യാർഥിനിയുടെ മരണത്തിൽ പ്രതികരണവുമായി കോട്ടയം എസ്.പി. ക്രൈംബ്രാഞ്ച് കേസ് നല്ല നിലയിൽ അന്വേഷിക്കുമെന്നും വിദ്യാർഥിനിയുടെ ആത്മഹത്യ കുറിപ്പ് കിട്ടിയിട്ടുണ്ടെന്നും എസ്.പി കെ. കാർത്തിക് പറഞ്ഞു. വിദ്യാർഥിനിയുടെ മരണത്തിൽ അമൽ ജ്യോതി എൻജിനീയറിങ് കോളേജിൽ രണ്ട് ദിവസമായി നടന്നുവന്നിരുന്ന വിദ്യാർഥി സമരം ഇന്നലെ അവസാനിപ്പിച്ചു. മന്ത്രിതല സമിതി നടത്തിയ ചർച്ചയോടെയാണ് സമരം അവസാനിപ്പിച്ചത്.

ഉന്നയിച്ച ആവശ്യങ്ങൾ പൂർണമായി അംഗീകരിക്കപ്പെട്ടില്ലെങ്കിലും മന്ത്രിമാർ ഇടപെട്ടതോടെയാണ് സമരത്തിൽ നിന്ന് വിദ്യാർഥികൾ പിന്മാറിയത്. കോട്ടയം എസ്.പിയുടെ മേൽനോട്ടത്തിൽ കേസ് ക്രൈംബ്രാഞ്ച് അന്വേഷിക്കുമെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ.ബിന്ദു അറിയിച്ചു.

അന്വേഷണ ഘട്ടത്തിൽ കുറ്റക്കാർ എന്ന് കണ്ടെത്തിയാൽ ആരോപണ വിധേയരായ അധ്യാപകർക്കെതിരേ അപ്പോൾ തന്നെ നടപടി സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

# കാനഡയിൽ കാട്ടുതീ; പുകയിൽ വലഞ്ഞ് ന്യൂയോർക്ക്

ന്യൂയോർക്ക്: കാനഡിലെ കാട്ടുതീയിൽ വലഞ്ഞ് യു.എസ് നഗരമായ ന്യൂയോർക്ക്. കാട്ടുതീ മൂലം ന്യൂയോർക്ക് നഗരം പുകമൂടിയ അവസ്ഥയിലാണ്. നഗരത്തിലെ വായു നിലവാര സൂചിക ഏറ്റവും താഴ്ന്ന അവസ്ഥയിലാണ്. അതിനാൽ ജനങ്ങളോട് വീട്ടിനുള്ളിൽ തുടരണമെന്നും എൻ 95 മാസ്ക് ധരിക്കണമെന്നും വീടിന് പുറത്തിറങ്ങുന്നത് ശ്വസന പ്രശ്നങ്ങൾ ഉണ്ടാക്കുമെന്നും സർക്കാർ മുന്നറിയിപ്പ് നൽകി. സൗജന്യമായി മാസ്ക് വിതരണം ചെയ്യാനും തീരുമാനമായിട്ടുണ്ട്. 10 ലക്ഷം പേർക്ക് സൗജന്യമായി മാസ്ക് വിതരണം ചെയ്യുമെന്ന് ന്യൂയോർക്ക് ഗവർണർ കാത്തി ഹോച്ചുൾ അറിയിച്ചു. പുക രൂക്ഷമായ സാഹചര്യത്തിൽ യു.എസ് ഈസ്റ്റ് കോസ്റ്റിലെ സ്കൂളുകൾ അടച്ചു. വിമാന സർവീസുകൾ മന്ദഗതിയിലായി. ഈ ആഴ്ച അവസാനം വരെ അപകടകരമായ സാഹചര്യം നിലനിൽക്കുമെന്നും ഏകദേശം 15,000 ത്തിലധികം പേരെ താമസസ്ഥലത്ത് നിന്ന് ഒഴിപ്പിക്കാൻ നിർബന്ധിതമാകുമെന്നും അധികൃതർ അറിയിച്ചു. 'ഇത് ഒരു താൽക്കാലികമായ അവസ്ഥയാണ്. ന്യൂയോർക്ക് സിറ്റിയിലോടുന്ന



കാനഡിലെ കാട്ടുതീ കാരണം പുകമൂടിയ അവസ്ഥയിൽ ന്യൂയോർക്ക് നഗരം

ബസുകളിലും ട്രെയിനുകളിലും ഉയർന്ന നിലവാരത്തിലുള്ള എയർ ഫിൽട്ടർ സംവിധാനമുണ്ട്. ഇത് യാത്രക്കാരെ സുരക്ഷിതമാക്കും' ഗവർണർ കൂട്ടിച്ചേർത്തു.അതേസമയം, കഴിഞ്ഞ ദിവസം ടൊറന്റോയിൽ പുക രൂക്ഷമായി ഉയർന്നതിനാൽ സ്ഥിതിഗതികൾ കൂടുതൽ വഷളായതായി കാനഡ സർക്കാർ അറിയിച്ചു. പത്ത് വർഷത്തിനിടെയുണ്ടായ ചരിത്രത്തിലെ ഏറ്റവും വലിയ കാട്ടു തീയാണ് കാനഡയിൽ ഇത്തവണയുണ്ടായത്. അന്തരീക്ഷ താപനിലയും ഉയരുകയാണ്. ആയിരക്കണക്കിന് ജനങ്ങളെയാണ് മാറ്റിപ്പാർപ്പിച്ചത്. ബ്രിട്ടീഷ് കൊളംബിയ, ആൽബെർട്ട, ഒന്റാറിയോ, നോവ, സ്കോട്ടിയ എന്നിവിടങ്ങളിലാണ് പ്രധാനമായും തീപ്പിടിത്തമുണ്ടായത്.

## ഗുസ്തിതാരങ്ങളും കേന്ദ്രസർക്കാരും ഒത്തുതീർപ്പിലെത്തുമ്പോൾ

ഗുസ്തിതാരങ്ങളും കേന്ദ്രസർക്കാരും തമ്മിൽ നടന്ന ചർച്ചകളുടെ ഭാഗമായി കേന്ദ്രം മൂന്ന് നിർദേശങ്ങളാണ് മുന്നോട്ട് വച്ചിട്ടുള്ളത്. ബ്രിജ്ഭൂഷൺ ശരൺസിംഗിന്റെ പേരിൽ നൽകിയ ലൈംഗികാതിക്രമ പരാതികളിൽ ഈ മാസം 15നകം അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിക്കും, ഗുസ്തി ഫെഡറേഷൻ തെരഞ്ഞെടുപ്പ് ഈ മാസം 30നുള്ളിൽ പൂർത്തിയാക്കും, ഗുസ്തി താരങ്ങൾക്കെതിരായ കേസുകൾ റദ്ദാക്കും. ഈ മൂന്ന് ഉറപ്പുകൾ കേന്ദ്രം നൽകിയതിന്റെ അടിസ്ഥാനത്തിൽ സമരം 15 വരെ നിർത്തിയതായി ഗുസ്തി താരങ്ങളും പ്രഖ്യാപിച്ചിട്ടുണ്ട്. ഗുസ്തി താരങ്ങളായ ബജ്‌രംഗ് പൂനിയ, സാക്ഷി മാലിക്, കർഷക സംഘടന നേതാക്കൾ, സാക്ഷിയുടെ ഭർത്താവ് സത്യവ്രത് കാദിയാൻ എന്നിവരാണ് കായിക മന്ത്രി അനുരാഗ് ഠാക്കൂറുമായി ചർച്ച നടത്തിയത്. വനിതാ താരങ്ങളുടെ പരാതി പരിഹരിക്കുന്നതിനുള്ള ആഭ്യന്തര പരിഹാര സെല്ലിന്റെ അധ്യക്ഷ വനിതയായിരിക്കണം. ഗുസ്തി ഫെഡറേഷൻ അധ്യക്ഷ പദവിയിൽ മൂന്ന് ടേം പൂർത്തിയാക്കിയ ബ്രിജ്ഭൂഷൺ സിംഗോ അയാളുടെ അടുപ്പക്കാരോ ഫെഡറേഷന്റെ അടുത്ത ഭരണസമിതി തെരഞ്ഞെടുപ്പിൽ മത്സരിക്കരുത്.

ഗുസ്തി സമരവുമായി ബന്ധപ്പെട്ട് താരങ്ങൾ, അക്കാദമികൾ, അഖാഡകൾ എന്നിവർക്കെതിരേ ചുമത്തിയ കേസുകൾ പിൻവലിക്കണമെന്ന ആവശ്യങ്ങൾ അനുഭാവപൂർവം പരിഗണിക്കാമെന്ന് കായികമന്ത്രി ഉറപ്പു നൽകിയിട്ടുണ്ട്. ഗുസ്തി താരങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് കർഷകസംഘടനകൾ രംഗത്ത് വന്നതോടെയാണ് കേന്ദ്രസർക്കാർ പ്രശ്നം അവസാനിപ്പിക്കാൻ പെട്ടെന്ന് തയ്യാറായതെന്ന് വ്യക്തമാണ്. ശനിയാഴ്ച കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ കായികതാരങ്ങളുമായി ചർച്ചക്ക് തുടക്കമിട്ടത് ഇതിന്റെ സൂചനയായിരുന്നു. കേന്ദ്രസർക്കാർ കൊണ്ടുവന്ന നിയമങ്ങൾക്കെതിരേ കർഷക സംഘടനകൾ നടത്തിയ ധീരോദാത്തമായ ചെറുത്തുനിൽപ്പും അവസാനം കേന്ദ്രസർക്കാരിന് നിയമം പിൻവലിക്കേണ്ടി വന്നതും കഴിഞ്ഞകാല ചരിത്രമാണ്.

ഗുസ്തി താരങ്ങൾക്ക് ഐക്യദാർഢ്യവുമായി കേരളമടക്കമുള്ള സംസ്ഥാനങ്ങളിലും വിവിധ സംഘടനകൾ രംഗത്ത് വന്നിരുന്നു. അന്താരാഷ്ട്ര തലത്തിൽ സമരം ചർച്ചയാവുകയും രാജ്യത്തിന്റെ പ്രതിച്ഛായയെ തന്നെ ദോഷകരമായി ബാധിക്കുന്ന അവസ്ഥയിലേക്ക് കാര്യങ്ങളെത്തുകയും അന്താരാഷ്ട്ര ഗുസ്തി ഫെഡറേഷൻ തന്നെ വിഷയത്തിലിടപ്പെടുന്ന അവസ്ഥയുണ്ടായി. എന്തായാലും പ്രശ്നം അവസാനിക്കുന്നത് ശുഭോദർക്കമാണ്. രാജ്യത്തിന്റെ അഭിമാനം ഉയർത്തിപിടിച്ച കായികതാരങ്ങളുടെ പ്രശ്നം ഇത്രയും നീട്ടികൊണ്ട് പോയി, അവരെ വല്ലാതെ ബുദ്ധിമുട്ടിലാക്കേണ്ടിയിരുന്നോ എന്ന് ചിന്തിക്കേണ്ടത് കേന്ദ്രസർക്കാരാണ്. കായികതാരങ്ങൾ ബ്രിജ്ഭൂഷൺ ശരൺസിംഗിനെതിരേ ഉയർത്തിയ ആരോപണങ്ങൾ അതീവ ഗൗരവമുള്ളതായിട്ടും നടപടികൾ വൈകിയത് എന്തുകൊണ്ടെന്ന് പൊതുജനം ആലോചിക്കുമെന്ന് വ്യക്തമാണ്. നീതിക്ക് വേണ്ടി സംസാരിക്കുമ്പോൾ നീതി നിഷേധിക്കുന്ന നടപടി ആരുടെ ഭാഗത്തു നിന്നുണ്ടായാലും അത് അംഗീകരിക്കാനാവില്ല.

# കാഖോവ്ക ഡാം തകർച്ച: വെള്ളപ്പൊക്കത്തിൽ ആദ്യമരണം

## യു. എന്നിനേയും റെഡ് ക്രോസിനേയും വിമർശിച്ച് ഉക്രെയ്ൻ

കീവ്: കാഖോവ്ക ഡാം തകർന്നുണ്ടായ വെള്ളപ്പൊക്കത്തിൽ ഉക്രെയ്നിൽ ആദ്യ മരണം റിപ്പോർട്ട് ചെയ്തു. തെക്കൻ ഉക്രെയ്നിലെ മൂന്ന് പേരാണ് മരിച്ചത്. ഖേഴ്സണിൽ റഷ്യൻ അധീനമേഖലകളിലെ ഉക്രെയ്ൻ പൗരന്മാരുടെ സാഹചര്യമെന്താണെന്ന് ഭയമുണ്ടെന്ന് ഉക്രെയ്ൻ പ്രസിഡന്റ് വൊളോഡിമിർ സെലൻസ്കി വ്യക്തമാക്കി.ഡാമിന് താഴെയുള്ള പ്രദേശങ്ങളിൽ 11.5 അടിയോളം വെള്ളം ഉയർന്നതായാണ് റിപ്പോർട്ട്. 42,000 ത്തോളം പേരെ ദുരന്തം ബാധിക്കുകയോ പതിനായിരത്തോളം പേർക്ക് കുടിവെള്ളം പോലും ലഭ്യമല്ലാത്ത അവസ്ഥയും ഉണ്ടായതായാണ് കണക്കുകൾ. രക്ഷാപ്രവർത്തനങ്ങൾക്ക് അന്താരാഷ്ട്ര സംഘടനകൾ സഹായിക്കുന്നില്ലെന്ന് ഉക്രെയ്ൻ പ്രസിഡന്റ് കുറ്റപ്പെടുത്തി.



കാഖോവ്ക ഡാം തകർന്നതിനെ തുടർന്നുണ്ടായ വെള്ളപ്പൊക്കത്തിൽനിന്ന് ആളുകളെ സുരക്ഷിതമായ സ്ഥലത്തേക്ക് മാറ്റുന്ന ദൗത്യസേന

ബുധനാഴ്ച വൈകീട്ട് രാജ്യത്തെ അഭിസംബോധന ചെയ്ത സെലൻസ്കി, സൈന്യവും ദൗത്യസേനയും രക്ഷാപ്രവർത്തനം തുടരുകയാണെന്നും അറിയിച്ചു. ഐക്യരാഷ്ട്ര സഭയുടേയും റെഡ് ക്രോസിന്റേയും ഭാഗത്ത് നിന്ന് സഹായങ്ങൾ ലഭ്യമാകുന്നില്ലെന്ന് ചൂണ്ടിക്കാട്ടി രൂക്ഷവിമർശനമാണ് സെലൻസ്കി ഉന്നയിച്ചത്. 'റഷ്യൻ അധീനതയിലുള്ള മേഖലകളിലെ ഖേഴ്സൺ മേഖലകളിലെ ആളുകളെ സഹായിക്കാൻ റെഡ്ക്രോസ് പോലുള്ള അന്താരാഷ്ട്ര സംഘടനകൾ ആവശ്യമാണ്. ദുരന്തത്തിന് മണിക്കൂറുകൾക്ക് ശേഷവും അവർ ഇവിടെയില്ല. ദുരന്തമേഖലയിൽ അന്താരാഷ്ട്ര സംഘടന ഇല്ലെങ്കിൽ അതിനർത്ഥം അവർ നിലവിലില്ലെന്നോ അവർക്ക് കഴിവില്ലെന്നോ ആണ്' സെലൻസ്കി കുറ്റപ്പെടുത്തി. എന്നാൽ ഖേഴ്സണിൽ രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് സംഘടനയുടെ ഒരു യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടെന്ന് യു.എൻ ഹ്യുമാനിറ്റേറിയൻ മന്ത്രാലയം അറിയിച്ചു. കുടിവെള്ളത്തിന്റെ ലഭ്യത ഈ മേഖലകളിൽ വലിയ പ്രശ്നമാണെന്നും അത് പരിഹരിക്കാൻ കുപ്പിവെള്ളവും പതിനായിരത്തിലേറെ ജലശുദ്ധീകരണ മരുന്നുകളും എത്തിച്ചിട്ടുണ്ടെന്നും പറഞ്ഞു. നിപ്രോ നദിയുടെ ഇരുവശങ്ങളിലും നിന്നുമായി ആറായിരത്തോളം പേരെ രക്ഷിച്ചതായും അവർ അറിയിച്ചു.

# നാസി ചിഹ്നങ്ങൾ പരസ്യമായി പ്രദർശിപ്പിച്ചാൽ ഒരു വർഷംവരെ തടവ്; നിയന്ത്രണം ശക്തമാക്കി ആസ്ട്രേലിയ

സിഡ്നി: നാസി ചിഹ്നങ്ങൾക്ക് കർശന നിയന്ത്രണം ഏർപ്പെടുത്താനൊരുങ്ങി ആസ്ട്രേലിയ. നാസി ചിഹ്നങ്ങൾ പരസ്യമായി പ്രദർശിപ്പിച്ചാൽ ഒരു വർഷം വരെ തടവ് ശിക്ഷ ലഭിക്കുമെന്ന് ആസ്ട്രേലിയൻ സർക്കാർ. 'ഹോളോകോസ്റ്റിന്റെ ഭീകരതയെ മഹത്വപ്പെടുത്തുന്ന ചിഹ്നങ്ങൾക്ക് ഓസ്ട്രേലിയയിൽ സ്ഥാനമില്ല,' പുതിയ നിയമനിർമ്മാണം പ്രഖ്യാപിച്ചുകൊണ്ട് അറ്റോർണി ജനറൽ മാർക്ക് ഡ്രെഫസ് പറഞ്ഞു.




നാസികളുടേതായ ഒരുവസ്തുവും പ്രദർശിപ്പിക്കുന്നതിനും അതിന്റെ വിൽപ്പനയിലൂടെ ലാഭമുണ്ടാക്കുന്നതിനും ആരെയും അനുവദിക്കില്ല. അറ്റോർണി ജനറൽ മാർക്ക് ഡ്രെഫസ് കൂട്ടിച്ചേർത്തു. നാസി പതാകകൾ, ആം ബാൻഡുകൾ, ടി-ഷർട്ടുകൾ, ചിഹ്നങ്ങൾ എന്നിവയ്ക്കും, നാസി പ്രത്യയശാസ്ത്രം പ്രോത്സാഹിപ്പിക്കുന്ന ചിഹ്നങ്ങൾ ഓൺലൈനിൽ പ്രസിദ്ധീകരിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. തീവ്ര വലതുപക്ഷത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിനിടെ ഇത്തരം ഗ്രൂപ്പുകളെ അടിച്ചമർത്തുക എന്നതാണ് നീക്കത്തിന് പിന്നിലെ പ്രധാന ലക്ഷ്യം. രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ ഇതിനോടകം നാസി ചിഹ്നങ്ങൾക്ക് വിലക്കുണ്ട്. അതേസമയം വിദ്യാഭ്യാസം, കലാപരമായ കാര്യങ്ങൾ, സാഹിത്യം, പത്രപ്രവർത്തനം എന്നിവയ്ക്ക് പുറമേ ശാസ്ത്രീയ ആവശ്യങ്ങൾക്കും നാസി ചിഹ്നങ്ങൾ ഉപയോഗിക്കാമെന്നും ഓസ്ട്രേലിയൻ സർക്കാർ നിർദേശിച്ചിട്ടുണ്ട്. നാസി സല്യൂട്ട് നിയമനിർമാണത്തിൽ ഉൾപ്പെടുന്നില്ല.

പകരം അത് സംസ്ഥാന അധികാരികൾ പോലിസിന് വിടും. ആത്മീയ പ്രാധാന്യമുള്ളതിനാൽ മതപരമായ ചടങ്ങുകളിൽ സ്വസ്തിക് ചിഹ്നം പ്രദർശിപ്പിക്കുന്നതിന് തടസമില്ല.കൊവിഡ് -19 പാൻഡെമിക് സമയത്ത് തങ്ങളുടെ സന്ദേശം പ്രചരിപ്പിക്കുന്നതിനും അംഗങ്ങളെ റിക്രൂട്ട് ചെയ്യുന്നതിനുമായി നിയോ-നാസികൾ ലോക്ക്ഡൗൺ വിരുദ്ധ പ്രതിഷേധങ്ങളിലേക്ക് കടന്നതായി പ്രാദേശിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. ഈ പ്രത്യയശാസ്ത്രത്തിലേക്ക് ആളുകൾ ആകർഷിക്കപ്പെടുന്നത് തങ്ങൾ കണ്ടു. എന്നാൽ, അതിനു പിന്നിലെ കാരണമെന്താണെന്ന് ഇതുവരെ വ്യക്തമായിട്ടില്ല. ഓസ്ട്രേലിയൻ സെക്യൂരിറ്റി ഇന്റലിജൻസ് ഓർഗനൈസേഷൻ ഡയരക്ടർ ജനറൽ മൈക്ക് ബർഗെസ് പറഞ്ഞു.

# ഒഡീഷ ട്രെയിൻ ദുരന്തം: റെയിൽവേ ജീവനക്കാരുടെ മൊബൈൽ ഫോണുകൾ സി.ബി.ഐ പിടിച്ചെടുത്തു

ന്യൂഡൽഹി: ഒഡീഷ ട്രെയിൻ ദുരന്തവുമായി ബന്ധപ്പെട്ടുള്ള അന്വേഷണത്തിൽ റെയിൽവേ ജീവനക്കാരുടെ മൊബൈൽ ഫോണുകൾ സി.ബി.ഐ കസ്റ്റഡിയിലെടുത്തു. ആറുപേരുടെ മൊബൈൽ ഫോണുകളാണ് കസ്റ്റഡിയിലെടുത്തത്. കൂടാതെ, മുൻ സ്റ്റേഷൻ മാസ്റ്റർ ഉൾപ്പെടെ ആറുപേരെ ചോദ്യം ചെയ്തു. കോറമാണ്ഡൽ എക്സ്പ്രസിന്റെ ലോക്കോ പൈലറ്റിനെ ഉടൻ ചോദ്യം ചെയ്യുമെന്നും സി.ബി.ഐ വൃത്തങ്ങൾ അറിയിച്ചു. അട്ടിമറി സാധ്യത ഉൾപ്പെടെ സംശയിക്കുന്നതിനാൽ സാങ്കേതിക പരിശോധനകളും നടത്തുകയും കൂടുതൽപ്പേരുടെ മൊഴിയെടുക്കുകയും സി.ബി.ഐ ചെയ്യും. ഇന്റർലോക്കിങ് സിഗ്നൽ സംവിധാനത്തിലുണ്ടായ തകരാറ് മാത്രമാണോ അപകടകാരണമായതെന്ന് പരിശോധിക്കും.



അതേസമയം, റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവിനെതിരെയും പ്രധാനമന്ത്രി നരേന്ദ്ര മോദിക്കെതിരെയും സി.ബി.ഐ കേസ് എടുക്കണമെന്ന് കോൺഗ്രസ് ആവശ്യപ്പെട്ടു.

# തിയേറ്റർ ഉടമകളുടെ സമരത്തിൽ പ്രതികരിച്ച് സംവിധായകൻ ജൂഡ് ആന്തണി ജോസഫ്

തിരുവനന്തപുരം: തിയേറ്ററുകളിൽ മികച്ച വിജയം നേടി മുന്നേറുകയാണ് ജൂഡ് ആന്തണി ജോസഫ് സംവിധാനം ചെയ്ത '2018' എന്ന ചിത്രം. തിയേറ്ററുകളിൽ നിറഞ്ഞ സദസിൽ പ്രദർശനം തുടരുന്നതിനിടയിൽ ചിത്രം ഒടിടിയിൽ റിലീസ് ചെയ്യാൻ അണിയറ പ്രവർത്തകർ തീരുമാനിച്ചിരുന്നു. ഇതേത്തുടർന്ന് തിയേറ്ററുകൾ അടച്ചിട്ട് സമരം ചെയ്യാൻ ഫിയോക് തീരുമാനിച്ചിരിക്കുകയാണ്. ഇപ്പോൾ ഈ വിഷയത്തിൽ പ്രതികരണവുമായി രംഗത്ത് വന്നിരിക്കുകയാണ് ചിത്രത്തിന്റെ സംവിധായകൻ ജൂഡ് ആന്തണി ജോസഫ്. തിയേറ്ററുകാരുടെ സമരത്തെ മാനിക്കുന്നുവെന്നും സിനിമ റിലീസിന് ചെയ്യുന്നതിന് മുൻപ് നിർമ്മാതാവിനെ സേഫ് ആക്കുന്ന രീതിയാണ് തനിക്കുള്ളതെന്നും ജൂഡ് ആന്തണി തന്റെ ഫേസ്ബുക്ക് പോസ്റ്റിൽ വ്യക്തമാക്കി.

# ഇന്ദിരാഗാന്ധി ഗവ.പോളിയിൽ അപേക്ഷ ക്ഷണിച്ചു

മാഹി: പുതിയ അധ്യയന വർഷത്തേക്ക് എൻജിനീയറിംഗ് ഡിപ്ലോമ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനായി അപേക്ഷകൾ ക്ഷണിച്ചു. മെക്കാനിക്കൽ എൻജിനീയറിംഗ്, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനീയറിംഗ്, ഇൻസ്ട്രുമെന്റേഷൻ ആൻഡ് കൺട്രോൾ എൻജിനീയറിംഗ്, കമ്പ്യൂട്ടർ എൻജിനീയറിംഗ് എന്നീ കോഴ്സുകളിലേക്കും ദ്വിവത്സര (ലാറ്ററൽ എൻട്രി) കോഴ്സുകളിലേക്കുമുള്ള അപേക്ഷകളുമാണ് ക്ഷണിച്ചത്. കോഴ്സുകളുടെ വിശദ വിവരങ്ങളും അപേക്ഷ ഫോമും കോളേജ് വെബ് സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്. പുതുച്ചേരി സംസ്ഥാനത്തെ അപേക്ഷകരെ പരിഗണിച്ച ശേഷം ബാക്കി വരുന്ന സീറ്റുകളിലേക്ക് കേരളം ഉൾപ്പടെയുള്ള ഇതര സംസ്ഥാനക്കാർക്കും പ്രവേശനം നൽകുന്നതാണ്.

പൂരിപ്പിച്ച അപേക്ഷയോടൊപ്പം ആവശ്യമായ എല്ലാ രേഖകളുടെയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, രജിസ്ട്രേഡ് പോസ്റ്റായോ, സ്പീഡ് പോസ്റ്റായോ, കൊറിയർ ആയോ കോളേജ് വിലാസത്തിലേക്ക് അയക്കേണ്ടതാണ്. അപേക്ഷകൾ നേരിട്ടും സ്വീകരിക്കുന്നതാണ്. അപേക്ഷകൾ ലഭിക്കേണ്ട അവസാന തിയ്യതി ലാറ്ററൽ എൻട്രി-ജൂൺ 15, ഒന്നാം വർഷ അപേക്ഷ-ജൂൺ 22. കൂടുതൽ വിവരങ്ങൾക്കായി 0490-2935777 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണെന്ന് പ്രിൻസിപ്പാൾ അറിയിച്ചു.

# രാജ്യസഭാംഗം ഡോക്ടർ ഫൗസിയാഖാനുമായി കൂടിക്കാഴ്ച നടത്തി

കുവൈറ്റ്: നാഷണലിസ്റ്റ് കോൺഗ്രസ് പാർട്ടി വനിതാ വിഭാഗം ദേശീയ കമ്മിറ്റി അധ്യക്ഷയും (നാഷണലിസ്റ്റ് മഹിളാ കോൺഗ്രസ്) മുൻ മഹാരാഷ്ട്ര സർക്കാരിലെ മന്ത്രിയും രാജ്യസഭാംഗവുമായ ഡോ. ഫൗസിയ ഖാനുമായി കുവൈറ്റ് ഹോട്ടലിൽ വച്ച് ഒ.എൻ.സി.പി ഭാരവാഹികൾ കൂടിക്കാഴ്ച നടത്തി. നാഷണലിസ്റ്റ് കോൺഗ്രസ് പാർട്ടിയുടെ പ്രവാസി ഘടകമായ ഒ.എൻ.സി.പിയുടെ വിവിധ രാജ്യങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ചും കുവൈത്തിൽ ഇന്ത്യൻ എംബസിയുടെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന കമ്മിറ്റിയുടെ വിവിധ മേഖലകളിലുള്ള പ്രവർത്തനങ്ങളും പ്രവാസി സമൂഹത്തിനിടയിൽ സാമൂഹ്യ വിഷയങ്ങളിലുള്ള ഇടപെടലുകളെ കുറിച്ചും കൂടിക്കാഴ്ചയിൽ അംഗങ്ങൾ വിശദീകരിച്ചു. രാജ്യത്തിന്റെ പുരോഗതിയിലും പ്രവാസികളുടെ പങ്ക് വലുതാണെന്നും സേവന ജീവകാരുണ്യ പ്രവർത്തന മേഖലകളിൽ ഒ.എൻ.സി.പി സംഘടന നടത്തുന്ന പ്രവർത്തനങ്ങൾ മാതൃകാപരമാണെന്നും അവർ കൂട്ടിചേർത്തു. കൂടിക്കാഴ്ചയിൽ ഒ.എൻ.സി.പി നാഷണൽ ട്രഷറർ ബിജു സ്റ്റീഫൻ, കുവൈത്ത് കമ്മിറ്റി ഭാരവാഹികളായ വൈസ് പ്രസിഡന്റ് പ്രിൻസ് കൊല്ലപ്പിള്ളിൽ, സണ്ണി മിറാണ്ട എന്നിവർ പങ്കെടുത്തു.



നാഷണലിസ്റ്റ് കോൺഗ്രസ് പാർട്ടി വനിതാ വിഭാഗം ദേശീയ കമ്മിറ്റി അധ്യക്ഷയും രാജ്യസഭാംഗവുമായ ഡോക്ടർ ഫൗസിയാഖാനുമായി ഒ.എൻ.സി.പി ഭാരവാഹികൾ കൂടിക്കാഴ്ച നടത്തിയപ്പോൾ




മലബാർ ക്യാൻസർ സെന്റർ, കണ്ണൂർ ഡിസ്ട്രിക് ക്യാൻസർ കൺട്രോൾ കൺസോർഷ്യം എന്നിവയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച എം.സി.സി ക്യാമ്പസ് ശുചീകരണ പ്രവൃത്തിയുടെ ഉദ്ഘാടനത്തിൽനിന്ന്

# എം.സി.സി ക്യാമ്പസ് ശുചീകരിച്ചു

കണ്ണൂർ: മലബാർ ക്യാൻസർ സെന്റർ, കണ്ണൂർ ഡിസ്ട്രിക്ട് കാൻസർ കൺട്രോൾ കൺസോർഷ്യം എന്നിവയുടെ നേതൃത്വത്തിൽ എം.സി.സി ക്യാമ്പസ് ശുചീകരിച്ചു കൊണ്ട് പരിസ്ഥിതി ദിനം ആചരിച്ചു. ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി സെക്രട്ടറി സബ് ജഡ്ജ് വിൻസി ഉദ്ഘാടനം ചെയ്ത ചടങ്ങിൽ കൺസോർഷ്യം പ്രസിഡന്റ് നാരായണൻ പുതുക്കുടി അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് പി.കെ സുരേഷ് സ്വാഗതം പറഞ്ഞു.ജനറൽ സെക്രട്ടറി മേജർ പി.ഗോവിന്ദൻ, ഡോ. ഫിൻസ് എം. ഫിലിപ്പ്, ഡോ. എ.പി നീതു എന്നിവർ ആശംസകൾ നേർന്നു. കൺസോർഷ്യം വളണ്ടിയർമാർ, പാരാലീഗൽ വളണ്ടിയമാർ, ബി.എസ്.സി.എം.ആർ.ടി വിദ്യാർഥികൾ, മട്ടന്നൂർ അമ്മ പാലിയേറ്റീവ് കെയർ വളണ്ടിയർമാർ, മട്ടന്നൂർ പി.ആർ.എൻ.എസ്.എസ്, കോളേജ് എൻ.എസ്.എസ് വളണ്ടിയർമാർ എന്നിവർ ചേർന്നാണ് മലബാർ ക്യാൻസർ സെന്റർ ആശുപത്രിയും പരിസരവും ശുചികരിച്ചത്. കൺസോർഷ്യം സെക്രട്ടറി കെ.എം ചന്ദ്രൻ, അഡ്വ. വി.ടി ഷീല, ട്രഷറർ മുഹമ്മദ് നിസാർ, ഷീല സുരേഷ്, എൻ.പ്രകാശൻ , ബസന്ത് സി.സി, പി.ഒ ജാബിർ എന്നിവർ നേതൃത്വം നൽകി. ശുചീരണ പ്രവർത്തനങ്ങൾക്കു ശേഷം പ്രകൃതി സംരക്ഷണ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന പ്ലക്കാർഡുകളുമായി വിദ്യാർഥികളും പാരാലീഗൽ വളണ്ടിയർമാരും ക്യാമ്പസിൽ റാലി നടത്തി.

# മലബാർ ഡെവലപ്മെന്റ് കൗൺസിലിന്റെ പ്രവർത്തനം മാതൃകാപരം: ഡോക്ടർ കെ.മൊയ്തു

കോഴിക്കോട്: മലബാറിന്റെ സമഗ്രവികസനത്തിനും ഗതാഗത കണക്ടിവിറ്റി പ്രതിസന്ധിക്കും പരിഹാരം കാണുന്നതിന് മലബാർ ഡെവലപ്മെന്റ് കൗൺസിലിന്റെ നേതൃത്വത്തിൽ വിവിധ സംഘടനകളുടെ സഹകരണത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് ഡോക്ടർ കെ.മൊയ്തു പറഞ്ഞു. വിവിധ സംഘടനകൾ സംയുക്തമായി ഏർപ്പെടുത്തിയ ആദരവ് ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.മലബാറിന്റെ ആരോഗ്യ-വിദ്യാഭ്യാസ മേഖലകൾക്ക് കെ.എം.സി.ടി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് ചെയർമാൻ എന്ന നിലയ്ക്കും വിവിധ സാമൂഹ്യ-സാംസ്കാരിക-സേവന സംഘടനകളുടെ സ്ഥാപക സാരഥി എന്ന നിലക്കും ദീർഘകാലമായി സമൂഹത്തിന് നൽകിവരുന്ന മികച്ച പ്രവർത്തനങ്ങൾ പരിഗണിച്ചാണ് ഡോക്ടർ കെ.മൊയ്തുവിനെ ആദരിക്കുന്ന ചടങ്ങ് സംഘടിപ്പിച്ചത്. കോഴിക്കോട് മലബാർ ഡെവലപ്മെന്റ് കൗൺസിൽ കോൺഫറൻസ് ഹോളിൽ നടന്ന യോഗത്തിൽ പ്രസിഡന്റ് ഷെവലിയാർ സി.ഇ ചാക്കുണ്ണി അധ്യക്ഷത വഹിച്ച് ഡോ. കെ.മൊയ്തുവിനെ പൊന്നാട അണിയിച്ച് ആദരിച്ചു. 2001ൽ കടലുണ്ടിയിൽ മംഗലാപുരം -ചെന്നൈ മെയിൽ, 2020ൽ കരിപ്പൂരിൽ എയർ ഇന്ത്യ എക്സ്പ്രസ് എന്നീ രണ്ട് അപകടവേളകളിലും കൗൺസിലിന്റെ അഭ്യർഥന മാനിച്ച് നാഷണൽ ഹോസ്പിറ്റലിലെ ഡോക്ടർമാർ, നഴ്സുമാർ, ആംബുലൻസുകളും ഉൾപ്പെടെയുള്ള സംഘത്തെ അപകടസ്ഥലത്തേക്ക് അയച്ച ഡോക്ടർ കെ.മൊയ്തുവിന്റെ മാതൃകാപരമായ പ്രവർത്തനം അധ്യക്ഷൻ ചടങ്ങിൽ വിശദീകരിച്ചു. എം.ഡി.സി ജനറൽ സെക്രട്ടറി അഡ്വ. എം.കെ അയ്യപ്പൻ ഡോക്ടർക്ക് ഉപഹാരം സമർപ്പിച്ചു. കൗൺസിൽ ഖജാൻജി എം.വി കുഞ്ഞാമു, സിറ്റി മർച്ചൻസ് അസോസിയേഷൻ പ്രസിഡന്റ് എം.ഐ അഷറഫ്, ഹോളി ലാൻഡ് പിൽഗ്രിം സൊസൈറ്റി ജനറൽ കൺവീനർ എം.സി ജോൺസൺ, കോൺഫെഡറേഷൻ ഓഫ് ഇന്ത്യ റെയിൽ യൂസേഴ്സ് അസോസിയേഷൻ കൺവീനർ ടി.പി വാസു, ഡിസ്ട്രിക്ട് മർച്ചൻസ് അസോസിയേഷൻ വൈസ് പ്രസിഡന്റ് സി.വി ജോസി എന്നിവർ ആശംസകൾ നേർന്നു. മലബാർ ഡെവലപ്മെന്റ് കൗൺസിലിന്റെ ബേപ്പൂർ-യു.എ.ഇ സെക്ടറിൽ ചാർട്ടേഡ് വിമാന-യാത്രകപ്പൽ സർവീസ് ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾക്ക് സ്വന്തം നിലയ്ക്കും, താൻ പ്രതിനിധാനം ചെയ്യുന്ന സംഘടനകളുടെ പരിപൂർണ പിന്തുണ മറുപടി പ്രസംഗത്തിൽ ഡോക്ടർ കെ.മൊയ്തു വാഗ്ദാനം ചെയ്തു. അഡ്വക്കറ്റ് എം.കെ അയ്യപ്പൻ സ്വാഗതവും സി.ജി.ഡി.എ ജനറൽ സെക്രട്ടറി സി.സി മനോജ് നന്ദിയും പറഞ്ഞു.




വിവിധ സംഘടനകളുടെ നേതൃത്വത്തിൽ ഡോക്ടർ കെ.മൊയ്തുവിനെ ആദരിച്ചപ്പോൾ

# ലോകകേരള സഭയ്ക്കെതിരേയുള്ള പ്രചാരണം ആസൂത്രിതം: കേരള പ്രവാസി സംഘം

കോഴിക്കോട്: ലോകകേരള സഭയ്ക്കെതിരേ നടക്കുന്നത് ആസൂത്രിത നീക്കമാണെന്നും ഇത്തരം പ്രചാരണങ്ങൾ കേരളത്തെ തകർക്കാനുള്ള വലതുപക്ഷ അജണ്ടയുടെ ഭാഗമാണെന്നും ഇതിനെതിരേ പ്രവാസി സമൂഹം ജാഗ്രത പുലർത്തണമെന്നും കേരളപ്രവാസി സംഘം കോഴിക്കോട് ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു. ലോകമാകെ ചിതറിക്കിടക്കുന്ന പ്രവാസി സമൂഹത്തെ ഒരു പൊതുവേദിക്ക് കീഴിൽ ഏകീകരിച്ചു വ്യത്യസ്തങ്ങളായ വിഷയങ്ങൾ പഠിച്ചു പരിഹാരം കാണാൻ രൂപവൽക്കരിച്ചതാണ് ലോക കേരളസഭ. കേരളമൊഴികെ ലോകത്തെവിടെയും ഇത്തരത്തിൽ ഒരു സംവിധാനം നിലവിലില്ല. ഇത് മാതൃകാപരമായ പ്രവർത്തനമാണ്.

ഒന്നാം ലോക കേരളസഭ നടപ്പിലാക്കിയ സബ് കമ്മിറ്റികളുടെ നിർദേശങ്ങൾ ഏറെയും നടപ്പിലാക്കി കഴിഞ്ഞു. ഏത് നല്ല കാര്യത്തെയും അഴിമതിയുടെ പുകമറ സൃഷ്ടിച്ചു തകർക്കാനുള്ള ഗൂഢാലോചനയുടെ ഭാഗമാണ് ഇത്തരം ആരോപണങ്ങൾ. ഇതിനു മുമ്പ് നടന്ന സഭാസമ്മേളനങ്ങളിൽ ഉയർന്ന ആരോപണങ്ങൾ വസ്തുതയ്ക്കു നിരക്കാത്തതാണെന്ന് പിന്നീട് തെളിഞ്ഞു. ഇത്തരം വ്യാജ ആരോപണങ്ങൾ കൊണ്ടൊന്നും ഏറെ പ്രവാസി ക്ഷേമ പദ്ധതികൾ നടപ്പിലാക്കിയ കേരള സർക്കാരിനുള്ള പ്രവാസികളുടെ പിന്തുണ ഇല്ലാതാക്കാനാവില്ല. യോഗത്തിൽ ജില്ലാ പ്രസിഡന്റ് കെ. സജീവ് കുമാർ അധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡന്റ് ഗഫൂർ പി. ലില്ലീസ്, ട്രഷറർ ബാദുഷ കടലുണ്ടി, വൈസ് പ്രസിഡന്റ് ഷാഫിജ പുലാക്കൽ, സംസ്ഥാന കമ്മറ്റി അംഗം മഞ്ഞക്കുളം നാരായണൻ എന്നിവർ സംസാരിച്ചു. ജില്ലാ സെക്രട്ടറി സി.വി ഇഖ്ബാൽ പ്രവർത്തന റിപ്പോർട്ടും ട്രഷറർ എം. സുരേന്ദ്രൻ വരവുചെലവ് കണക്കും അവതരിപ്പിച്ചു. ജോ. സെക്രട്ടറി ടി.പി ഷിജിത്ത് സ്വാഗതവും കെ.എം ഷംസീർ നന്ദിയും പറഞ്ഞു.




കേരളപ്രവാസി സംഘം കോഴിക്കോട് ജില്ലാ കമ്മിറ്റി യോഗത്തിൽ നിന്ന്

# നഗരമധ്യത്തിലെ മൊബൈൽഫോൺ കടയിൽ കള്ളൻ കയറി

തലശ്ശേരി: എം.എം റോഡിലെ നെക്സ്റ്റ് മൊബൈൽ ഷോപ്പിൽ കള്ളൻ കയറി. കഴിഞ്ഞ ദിവസം പുലർച്ചെയാണ് സംഭവം. വിലയേറിയതും കുറഞ്ഞതുമായ മൊബൈൽ ഫോണുകൾ മോഷ്ടിച്ചു രക്ഷപ്പെട്ടു. മോഷ്ടാവായ യുവാവ് കടയിൽ കയറി ഡിസ്പ്ലേ കൗണ്ടർ അരിച്ചുപെറുക്കി പണത്തിനായി തിരയുന്നതും മൊബൈൽ ഫോണുകൾ എടുത്ത് സഞ്ചിയിൽലാക്കി പൊതിയുന്നതും മുറിയിലെ സി.സി.ടി.വിയിൽ തെളിഞ്ഞു കാണുന്നുണ്ട്. സമീപത്തെ രണ്ട് കടകളിൽ മോഷണ ശ്രമവും നടന്നു. കടയുടമകൾ പരാതി നൽകിയതിനെ തുടർന്ന് തലശ്ശേരി പോലിസ് അന്വേഷണം ആരംഭിച്ചു.

## സനീഷിന് വേണം ഉദാരമതികളുടെ കൈത്താങ്ങ്



തലശ്ശേരി: ശ്വാസകോശത്തിൽ മുഴ വളരുന്ന മാരകരോഗം കാരണം ശരീരം തളരാൻ തുടങ്ങിയ നിർധന കുടുംബത്തിലെ യുവാവ് ചികിത്സാ സഹായത്തിനായി ഉദാരമതികളുടെ സഹായം തേടുന്നു. കാവുംഭാഗം വാവാച്ചി മുക്കിലെ മാമ്പയിൽ കാട്ടാളി കുനിയിൽ സനിഷിനെ(30) സഹായിക്കാൻ നാട്ടുകാർ ചികിത്സാ ധനസഹായ കമ്മിറ്റി രൂപീകരിച്ചു പ്രവർത്തനം തുടങ്ങി. തലശ്ശേരിയിലെ ഒരു മെറ്റൽ ഷോപ്പിൽ സെയിൽസ് മാനായിരുന്നു സനീഷ്. രോഗം പിടിമുറുക്കി ആരോഗ്യം ക്ഷയിച്ചു വരുന്നതിനാൽ ഇപ്പോൾ ജോലിക്ക് പോവാനും കഴിയുന്നില്ല. ചെറുപ്പത്തിൽ രണ്ട് തവണ സനീഷിന് ഇതേ രോഗം പിടിപെട്ടിരുന്നു. അന്നും നാട്ടുകാരാണ് ചികിത്സക്കാവശ്യമായ സഹായം നൽകി യുവാവിന്റെ ജീവൻ രക്ഷിച്ചത്.

ഇപ്പോൾ വീണ്ടും രോഗം മൂർച്ഛിച്ചു തുടങ്ങിയതിനാൽ അടിയന്തിര ഓപ്പറേഷന് വിധേയമാക്കണം. എറണാകുളം അമൃതാ ആശുപത്രിയിലാണ് ചികിത്സിക്കുന്നത്. ഇവിടെയാണ് ഓപറേഷനും നടത്താൻ നിശ്ചയിച്ചത്. ഭാരിച്ച ചിലവ് വേണ്ടി വരുന്നതിനാൽ ഒമ്പതാം വാർഡ് കൗൺസിലർ പി.കെ. ബിജില ചെയർമാനും, വി.എൻ.ഗിരീശൻ കൺവിനറും ലിജിൻ ചന്ദ്രൻ ഖജാൻജിയുമായ കമ്മിറ്റിയാണ് സഹായ അഭ്യർത്ഥനയുമായി സുമനസുകളെ സമീപിക്കുന്നത്. കഴിയാവുന്നത്ര സാമ്പത്തിക സഹായം എത്തിച്ച് ജീവകാരുണ്യ പ്രവർത്തനവുമായി സഹകരിക്കാൻ കമ്മിറ്റി അഭ്യർത്ഥിച്ചു. സനീഷ് സഹായ കമ്മിറ്റി അക്കൗണ്ട് നമ്പർ: 40707101055104- IFSC - KLGB0040707. കൂടുതൽ വിവരങ്ങൾക്ക്: പി.കെ ബിജില- 9947291979, വി.എൻ ഗിരീശൻ- 9074020755



ബി.ജെ.പി കാരപ്പറമ്പ്, എടക്കാട് ഏരിയ കമ്മിറ്റികളുടെ നേതൃത്വത്തിൽ ഈസ്റ്റ്ഹിൽ ജംഗ്ഷനിൽ നടന്ന ജനകീയ പ്രതിഷേധ ധർണയിൽ നിന്ന്

# പിണറായി സർക്കാരിന്റെ ജനദ്രോഹ ഭരണത്തിനെതിരേ ബി.ജെ.പി ജനകീയ പ്രതിഷേധ ധർണ നടത്തി

കോഴിക്കോട്: പിണറായി സർക്കാരിന്റെ ജനദ്രോഹ ഭരണത്തിനെതിരേ ബി.ജെ.പി കാരപ്പറമ്പ്, എടക്കാട് ഏരിയ കമ്മിറ്റികളുടെ നേതൃത്വത്തിൽ ഈസ്റ്റ്ഹിൽ ജംഗ്ഷനിൽ നടന്ന ജനകീയ പ്രതിഷേധ ധർണ ഒ.ബി.സി. മോർച്ച സംസ്ഥാന പ്രസിഡന്റ് എൻ.പി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. അത്താണിക്കൽ വാർഡ് കൗൺസിലർ സി.എസ് സത്യഭാമ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സമിതി അംഗം പി. രമണി ഭായ് , മഹിള മോർച്ച സംസ്ഥാന ജനറൽ സെക്രട്ടറിയും പാർട്ടി പാർലമെന്ററി ലീഡറുമായ നവ്യ ഹരിദാസ്, ജില്ലാ സെക്രട്ടറിയും കൗൺസിലറുമായ അനുരാധ തായാട്ട്, കൗൺസിലർ എൻ.ശിവപ്രസാദ്, നടക്കാവ് മണ്ഡലം പ്രസിഡന്റ് കെ.ഷൈബു, ജനറൽ സെക്രട്ടറിമാരായ പ്രവീൺ തളിയിൽ, എൻ.പി പ്രകാശൻ , വൈസ് പ്രസിഡന്റ് എം.ജഗനാഥൻ , ഒ.ബി.സി. മോർച്ച സംസ്ഥാന ഐ.ടി സെൽ കൺവീനർ രാഗേഷ് നാഥ് , ജില്ല ജനറൽ സെക്രട്ടറി കെ. അജയഘോഷ്, മണ്ഡലം പ്രസിഡന്റ് കെ.സുഭാഷ്, സോഷ്യൽ മീഡിയ കൺവീനർ അരുൺ രാമദാസ് നായ്ക്, കാരപറമ്പ് ഏരിയ പ്രസിഡന്റ് പി.ശിവദാസൻ , ജനറൽ സെക്രട്ടറി വി.ആർ. രാജു , എടക്കാട് ഏരിയ ജനറൽ സെക്രട്ടറി എം.ശശീന്ദ്രബാബു, സെക്രട്ടറി സ്വരാജ്, കർഷക മോർച്ച മണ്ഡലം ജനറൽ സെക്രട്ടറി എ.പി പുരുഷോത്തമൻ , ഒ.ബി.സി മോർച്ച വൈസ് പ്രസിഡന്റ് വി.വി സജീന്ദ്രൻ എന്നിവർ സംസാരിച്ചു.

# സ്വാതന്ത്ര്യ സമരസേനാനി പി.കെ.ആർ പിള്ളയുടെ പതിമൂന്നാം ചരമവാർഷിക ദിന അനുസ്മരണം നടത്തി

കോഴിക്കോട്: പ്രമുഖ സ്വാതന്ത്ര്യ സമര സേനാനി പി.കെ.ആർ.പിള്ളയുടെ പതിമൂന്നാം ചരമവാർഷിക ദിനത്തിൽ സോഷ്യലിസ്റ്റ് കൾച്ചറൽ ഫോറം അനുസ്മരണം നടത്തി. മുൻ മേയർ ടി.പി. ദാസൻ ഉദ്ഘാടനം ചെയ്തു. ഐതിഹാസികമായ സ്വതന്ത്ര്യ സമരത്തിൽ രാജ്യത്തിന്റെ സ്വാതന്ത്ര്യലബ്ധിക്കു വേണ്ടി ത്യാഗം ചെയ്ത സമര സേനാനികളെ അനുസ്മരിക്കുന്നതിലൂടെ രാജ്യസ്നേഹം ഇന്നത്തെ തലമുറക്ക് പകർന്നു നൽകുകയാണ് ചെയ്യുന്നത്, അത് വർത്തമാനകാലത്ത് അഭികാമ്യമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

അനുസ്മരണ പരിപാടിയോടനുബന്ധിച്ചു അങ്കണവാടി വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. യോഗത്തിൽ വൈസ് പ്രസിഡന്റ് മൂസ്സ പന്തീരങ്കാവ് അധ്യക്ഷത വഹിച്ചു. കൗൺസിലർ കെ.റംല, അഡ്വ.എം.പി സൂര്യ നാരായണൻ , പി.വി മാധവൻ, അഡ്വ.എ.കെ.ജയകുമാർ , പി.ആർ സുനിൽ സിംഗ്, ശ്രീകുമാർ നിയതി, പി.എം കരുണാകരൻ, പി.എസ് ജയപ്രകാശ് കുമാർ , വി.എസ് ഗോപകുമാർ എന്നിവർ സംസാരിച്ചു.




പ്രമുഖ സ്വാതന്ത്ര്യ സമര സേനാനി പി.കെ.ആർ.പിള്ളയുടെ പതിമൂന്നാം ചരമവാർഷിക ദിന അനുസ്മരണം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന മുൻ മേയർ ടി.പി ദാസൻ

## ഐ. സി. സി വേൾഡ് ചാമ്പ്യൻഷിപ്പ് ഫൈനൽ

# ആദ്യദിനം ആസ്ട്രേലിയക്ക് മേൽക്കൈ

### ട്രാവിസ് ഹെഡിന് സെഞ്ചുറി, ആസ്ട്രേലിയ മൂന്നിന് 327

ലണ്ടൻ: ഐ.സി.സി വേൾഡ് ചാമ്പ്യൻഷിപ്പ് ഫൈനലിന്റെ ആദ്യദിനം അവസാനിച്ചപ്പോൾ മികച്ച സ്കോർ കണ്ടെത്തി ആസ്ട്രേലിയ. മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 327 റൺസെന്ന നിലയിലാണ് ആദ്യ ദിവസം പിന്നിടുമ്പോൾ അവർ. 146 റൺസുമായി ട്രാവിസ് ഹെഡും 95 റൺസുമായി സ്റ്റീവൻ സ്മിത്തുമാണ് ക്രീസിൽ. കെന്നിംഗ്ടൺ ഓവലിൽ ടോസ് നേടിയ ഇന്ത്യൻ ക്യാപ്റ്റൻ രോഹിത് ശർമ ആസ്ട്രേലിയയെ ബാറ്റിങ്ങിന് ക്ഷണിക്കുകയായിരുന്നു. തുടക്കത്തിൽ പതറിയെങ്കിലും പിന്നീട് താളം വീണ്ടെടുത്ത ആസ്ട്രേലിയൻ ബാറ്റ്സ്മാൻമാർ ഇന്ത്യൻ ബൗളർമാരെ കണക്കിന് ശിക്ഷിക്കുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. തുടക്കത്തിൽ രോഹിത് ശർമ ആഗ്രഹിച്ച തുടക്കമാണ് പേസർമാരായ മുഹമ്മദ് ഷമിയും മുഹമ്മദ് സിറാജും നൽകിയത്. നല്ല സ്വിംഗ് ഇരുവർക്കും ലഭിച്ചിരുന്നു. 10 പന്ത് നേരിട്ട ഓപ്പണിങ് ബാറ്റ്സ്മാൻ ഖവാജ അക്കൗണ്ട് തുറക്കും മുമ്പെ പവലിയനിലേക്ക് മടങ്ങി. സ്കോർബോർഡ് രണ്ടിൽ നിൽക്കെ സിറാജിന്റെ



സെഞ്ചുറി നേടിയ ട്രാവിസ് ഹെഡ് കാണികളെ അഭിവാദ്യം ചെയ്യുന്നു

പന്തിൽ വിക്കറ്റ് കീപ്പർ ശ്രീകർ ഭരത്തിന് ക്യാച്ച് നൽകിയാണ് ഖവാജയുടെ മടക്കം. ഷമിയുടെയും സിറാജിന്റെയും ആദ്യ സ്പെൽ കഴിഞ്ഞതോടെ വാർണറും ലാബുഷെയ്നും ചേർന്ന് പതുക്കെ സ്കോറുയർത്തി. രണ്ടാം വിക്കറ്റിൽ ഇരുവരും 69 റൺസ് കൂട്ടിച്ചേർത്തു. ഇതിനിടെ 43 റൺസെടുത്ത ഡേവിഡ് വാർണറെ ഷാർദുൽ താക്കൂർ ശ്രീകറിന്റെ കൈകളിലെത്തിച്ചു. സ്കോർബോർഡ് 76ൽ നിൽക്കെ 26 റൺസെടുത്ത ലബുഷെയ്നെ ഷമി ക്ലീൻ ബൗൾഡാക്കി. ആസ്ട്രേലിയ ചെറുതായി പ്രതിരോധത്തിലായെങ്കിലും തുടർന്ന ക്രീസിൽ ഒത്തുചേർന്ന ഹെഡും സ്മിത്തും കൂടുതൽ നഷ്ടങ്ങൾ വരുത്താതെ ആസ്ട്രേലിയൻ സ്കോർ മുന്നോട്ടേക്ക് കൊണ്ടു പോയി. ഏകദിന ശൈലിയിൽ ഹെഡ് ബാറ്റ് വീശിയപ്പോൾ വിക്കറ്റ് കളയതെ ഒരുഭാഗത്ത് പാറപോലെ ഉറച്ചു നിൽക്കാൽ സ്മിത്തിനായി. ആദ്യദിനം അവസാനിക്കുമ്പോൾ 156 പന്തിൽ 146 റൺസാണ് ട്രാവിസ് ഹെഡ് നേടിയത്. 22 ഫോറും ഒരു സിക്സും ആ ഇന്നിങ്സിൽ പിറന്നു. 227 പന്തിൽ 95 റൺസാണ് സ്മിത്ത് നേടിയത്. 14 ഫോറുകൾ സ്മിത്ത് ഇതുവരെ നേടിയിട്ടുണ്ട്. നിർണായകമായ രണ്ടാം ദിവസം ആസ്ട്രേലിയയുടെ റണ്ണൊഴുക്ക് തടഞ്ഞില്ലെങ്കിൽ ഇന്ത്യക്ക് അതൊരു വലിയ തലവേദനയാകും. അതേസമയം ബൗളിങ്ങിൽ ഐ.സി.സി ടെസ്റ്റ് റാങ്കിങ്ങിൽ ഒന്നാമതുള്ള ആർ.ആശ്വിനെ തഴഞ്ഞതിൽ വലിയ വിമർശനമാണ് ഇപ്പോൾ ഉയർന്നുകൊണ്ടിരിക്കുന്നത്.

## റോഡുകളുടെ ബ്രാൻഡ് അംബാസിഡറായി അരിക്കൊമ്പൻ മാറി; പി. എ മുഹമ്മദ് റിയാസ്



കോട്ടയം: നിർമാണം പൂർത്തിയായ ഈരാറ്റുപേട്ട-വാഗമൺ റോഡിന്റെ ഉദ്ഘാടനം പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസ് നിർവഹിച്ചു. 19 കോടിയോളം രൂപ ചെലവിട്ടാണ് റോഡിന്റെ നിർമാണം പൂർത്തിയായത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് തന്നെ റോഡിനായി പണം അനുവദിച്ചിരുന്നുവെങ്കിലും കരാറുകാരന്റെ മെല്ലെപ്പോക്കിനെ തുടർന്നാണ് റോഡ് പണി വൈകിയത്. അരിക്കൊമ്പനെ ചിന്നക്കനാലിൽ നിന്ന് കൊണ്ടുപോയപ്പോഴാണ് സംസ്ഥാനത്തെ റോഡുകളുടെ നിലവാരം ലോകം അറിഞ്ഞതെന്നും ആ അർഥത്തിൽ മികച്ച റോഡുകളുടെ ബ്രാൻഡ് അംബാസിഡറായി അരിക്കൊമ്പൻ മാറിയെന്നും മന്ത്രി പറഞ്ഞു. വിനോദ സഞ്ചാരികൾക്കായി കൂടുതൽ സൗകര്യങ്ങൾ ഈരാറ്റുപേട്ട-വാഗമൺ റോഡിന് അനുബന്ധമായി കൊണ്ടുവരുമെന്നും മന്ത്രി പറഞ്ഞു.



## വ്യാപക മഴയ്ക്ക് സാധ്യത; ഇന്നും നാളെയും വിവിധ ജില്ലകളിൽ യെല്ലോ അലർട്ട്

തിരുവനന്തപുരം: തെക്കുപടിഞ്ഞാറൻ മൺസൂൺ കേരളത്തിലെത്തിയതായുള്ള കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ പ്രഖ്യാപനം ഇന്നുണ്ടായേക്കും. അതിതീവ്ര ചുഴലിക്കാറ്റായ ബിപോർജോയുടെ സ്വാധീനവും സംസ്ഥാനത്ത് മഴ വ്യാപകമാകാൻ കാരണമാണ്.

കേരളത്തിന്റെ തീരമേഖലകളിലടക്കം പലയിടങ്ങളിലും കാലവർഷ സമാനമായ മഴയുണ്ട്. തെക്കൻ കേരളത്തിലും മധ്യകേരളത്തിലും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. ആലപ്പുഴ, എറണാകുളം, ജില്ലകളിൽ ഇന്ന് യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്.

നാളെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലാണ് യെല്ലോ അലർട്ട്. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരള -കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. ലക്ഷദ്വീപ് തീരത്ത് മത്സ്യ ബന്ധനത്തിന് തടസമില്ല. കേരള തീരത്ത് ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുള്ളതിനാൽ മത്സ്യതൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

## സഫ ഹൈപ്പർ മാർക്കറ്റിന്റെ ഒന്നാം വാർഷികം; നറുക്കെടുപ്പ് നടന്നു

കോഴിക്കോട്: മായനാട് പാലക്കോട്ട് വയൽ സഫ ഹൈപ്പർ മാർക്കറ്റിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് നടന്ന നറുക്കെടുപ്പ് ഉദ്ഘാടനം കോഴിക്കോട് സിറ്റി പോലിസ് അസിസ്റ്റന്റ് കമ്മീഷണർ ബിജുരാജ് നിർവഹിച്ചു.

ആദ്യ സമ്മാനവിതരണം ഡോക്ടർ സോമനിൽ നിന്നും ഡോക്ടർ ജയരാജ് ഏറ്റുവാങ്ങി. ചടങ്ങിൽ സഫ അലവി അധ്യക്ഷത വഹിച്ചു. ഡോ.കെ.സി സോമൻ, ഡോ.രാജേഷ്, ഡോ.രാജീവൻ, ഡോ.ജയശങ്കർ, ഡോ.ജയരാജ്, സഫറി വെള്ളയിൽ, ജി.എം സബീഷ്, മുഹമ്മദ് ജാസിൽ, മുഹമ്മദ് നിസ്ഥാർ, അനിൽകുമാർ, കെ.പി സിദ്ദീക്ക്, പി.എം മൊയ്തീൻ കോയ, ഹരികൃഷ്ണൻ, സിറിയക് ജോൺ, ശിഹാബ് എന്നിവർ സന്നിഹിതരായിരുന്നു.



സഫ ഹൈപ്പർ മാർക്കറ്റിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ചുള്ള നറുക്കെടുപ്പിന്റെ ആദ്യ സമ്മാന വിതരണം ഡോക്ടർ സോമനിൽ നിന്നും ഡോക്ടർ ജയരാജ് ഏറ്റുവാങ്ങുന്നു

## വെള്ളപ്പൊക്കം; ചെറോട്ട് വയൽ നിവാസികൾ പ്രക്ഷോഭത്തിലേക്ക്

കോഴിക്കോട്: തോപ്പയിൽ വാർഡിലെ ചെറോട്ട് വയലിൽ നിരവധി വീടുകളിൽ വെള്ളം കയറി. മറ്റ് 30ലധികം വീടുകളിൽ മഴ നിൽക്കാതെ പെയ്താൽ അകത്ത് കയറും എന്ന രീതിയിൽ വെള്ളം കെട്ടി നിൽക്കുന്നു. ചെറോട്ട് വയൽ പ്രദേശത്തെ ഓടകളിൽ കോർപ്പറേഷൻ മഴക്കാല ശുചികരണ പ്രവർത്തനം നടത്തുമെന്ന് വാർഡ് കൗൺസിലർ സി.പ്പി സുലൈമാനും, വെസ്റ്റഹിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ മിനി ചന്ദ്രനും ചെറോട്ട് വയലിലെ സന്മാർഗ റസിഡന്റ്സിൽ നടന്ന മുഖാമുഖം പരിപാടിയിൽ ജനങ്ങൾക്ക് നൽകിയ വാക്ക് പാഴ്വാക്കായി മാറിയെന്ന് സന്മാർഗ റസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റ് കെ.ഷൈബു, സെക്രട്ടറി പി.ബാബു, ട്രഷറർ പി.പവിത്രൻ എന്നിവർ പറഞ്ഞു. ഇതുവരെ യാതൊരുവിധ ശുചികരണ പ്രവർത്തനവും ഇവിടെ നടന്നിട്ടില്ല. കഴിഞ്ഞ വർഷത്തെ മഴയത്ത് വെള്ളം കയറി നാശനഷ്ടങ്ങൾ ഉണ്ടായ വീട്ടുക്കാർ രേഖാമൂലം പരാതി നൽകിയിട്ടും യാതൊരു നഷ്ടപരിഹാരവും ഇതുവരെ ലഭിച്ചിട്ടില്ല. വെള്ളപ്പൊക്ക പ്രശ്നത്തിന് ശാശ്വത പരിഹാരം കാണണമെന്നാവശ്യപ്പെട്ട് ജനങ്ങളെ അണിനിരത്തി ശക്തമായ സമര പരിപാടികൾ സംഘടിപ്പിക്കുമെന്ന് കെ. ഷൈബു, പി ബാബു എന്നിവർ പറഞ്ഞു.



ചെറോട്ട് വയലിലെ വീടുകളിൽ വെള്ളം കയറിയ നിലയിൽ

## വയലളം വെസ്റ്റ് എൽ. പി സ്കൂൾ 125ാം വയസിലേക്ക് കടക്കുന്നു



തലശ്ശേരി: ഇല്ലത്തു താഴയിലെ വയലളം വെസ്റ്റ് എൽ.പി സ്കൂൾ എന്ന ഇല്ലത്ത് സ്കൂൾ 125ാം വയസിലേക്ക്. 1898ൽ പാറായി രാമൻ ഗുരുക്കൾ എന്ന അക്ഷര സ്നേഹിയായിരുന്നു സ്കൂളിന് തുടക്കമിട്ടത്. ആദ്യം ഏകാധ്യാപക വിദ്യാലയമായി തുടങ്ങിയ സ്കൂൾ ക്രമേണ അഞ്ചു വരെ ക്ലാസ്സുകളുള്ള വിദ്യാലയമായി വളരുകയായിരുന്നു. മൂന്ന് നൂറ്റാണ്ടുകൾ കണ്ട ഒരു വിദ്യാലയമാണിത്. ഒട്ടനവധി പ്രശസ്തരായ ആളുകൾ ഈ സ്കൂളിൽ നിന്നും അറിവ് നേടി ലോകത്തിന്റെ പല ഭാഗങ്ങളിലും ഉന്നതരായി കഴിയുന്നുണ്ട്. അതുപോലെ ഒട്ടനവധി പ്രഗൽഭരായ അധ്യാപകർ പഠിപ്പിച്ച വിദ്യാലയം കൂടിയാണിത്. ജില്ലാ, സബ്ജില്ലാ കലാ-കായിക-ശാസ്ത്രമേളകളിൽ ഓവറോൾ ചാമ്പ്യൻഷിപ്പടക്കം നിരവധി സമ്മാനങ്ങൾ കാലാകാലമായി നേടിയെടുത്തിട്ടുണ്ട്. ഈ ഗ്രാമീണ വിദ്യാലയത്തിൽ 2003 മുതൽ കെ. മിനിയാണ് പ്രധാനാധ്യാപികയായി സേവനമനുഷ്ഠിക്കുന്നത്.

## നീരജ് പ്രകാശിന് സെഞ്ചുറി; കണ്ണൂർ ശക്തമായ നിലയിൽ

തലശ്ശേരി: കോണോർവയൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ നടക്കുന്ന 23 വയസ്സിന് താഴെയുള്ള ആൺകുട്ടികളുടെ ഉത്തര മേഖലാ അന്തർ ജില്ലാ ടൂർണമെന്റിൽ നീരജ് പ്രകാശിന്റെ ഉജ്വല സെഞ്ചുറിയുടെ മികവിൽ വയനാടിനെതിരേ കണ്ണൂരിന് മികച്ച ഒന്നാം ഇന്നിങ്സ് സ്കോർ.

ആദ്യം ബാറ്റ് ചെയ്ത കണ്ണൂർ ആദ്യ ഇന്നിങ്സിൽ 68.5 ഓവറിൽ 243 റൺസിന് ഓൾഔട്ടായി. നീരജ് പ്രകാശ് 129 റൺസും ഒമർ അബൂബക്കർ 45 റൺസും എം.എൻ നീരജ് കുമാർ 35 റൺസുമെടുത്തു. വയനാടിന് വേണ്ടി റഹാൻ റഹീം 44 റൺസിന് 4 വിക്കറ്റും എസ്.എ മുഹമ്മദ് അഫ്സൽ 30 റൺസിന് 3 വിക്കറ്റും വീഴ്ത്തി.



നീരജ് പ്രകാശ്

മറുപടിയായി വയനാട് ഒന്നാം ദിവസം കളി നിർത്തുമ്പോൾ ആദ്യ ഇന്നിങ്സിൽ 21 ഓവറിൽ 3 വിക്കറ്റ് നഷ്ടത്തിൽ 65 റൺസ് എന്ന നിലയിലാണ്. എം.എസ് സച്ചിൻ പുറത്താകാതെ 36 റൺസെടുത്ത് നിൽക്കുന്നുണ്ട്. കണ്ണൂരിന് വേണ്ടി എം.പി.വിഷ്ണു 24 റൺസ് വഴങ്ങ് മൂന്ന് വിക്കറ്റ് വീഴ്ത്തി.

## കോഴിക്കോട് എൻ. ഐ. ടി. യിൽ താൽക്കാലിക ജോലി ഒഴിവുകൾ

കോഴിക്കോട്: നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കാലിക്കറ്റിൽ വിവിധ തസ്തികകളിലേക്ക് താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ലാബ് ടെക്നീഷ്യൻ (ക്ലിനിക്കൽ)-പ്രതിമാസ വേതനം: 21,216 രൂപ, വെബ്സൈറ്റ് ഡെവലപ്പർ/ വെബ്പ്രോ ഗ്രാമർ-പ്രതിമാസ വേതനം: 35,200 രൂപ, ഗ്രാഫിക് ആർട്ടിസ്റ്റ്-പ്രതിമാസ വേതനം: 50,000 രൂപ, സീനിയർ ഡാറ്റാബേസ് അഡ്മിനിസ്ട്രേറ്റർ (ഐ.എം.എസ്) - പ്രതിമാസ വേതനം: 40,000 രൂപ, ഡാറ്റാ ബേസ് അഡ്മിനിസ്ട്രേ റ്റർ (എം.ഐ.എസ്)- പ്രതിമാസ വേതനം: 30,000 രൂപ, ജൂനിയർ റിസർച്ച് ഫെലോ




(ഇലക്ട്രിക്കൽ എൻജിനീ യറിംഗ്)- പ്രതിമാസ വേതനം:31,000 രൂപ. കൂടുതൽ വിവരങ്ങൾക്ക് എൻ.ഐ.ടി കാലിക്കറ്റ് വെബ്സൈറ്റിന്റെ 'RECRUITMENTS" ലി ങ്ക് സന്ദർശിക്കുക. https://nitc.ac.in/contractadhocrecruitment.

## തെക്കിൽ ഫൗണ്ടേഷൻ കർണാടക ആഭ്യന്തരമന്ത്രി ഡോ. ജി. പരമേശ്വരനെ ആദരിച്ചു

ബാംഗ്ലൂർ: കർണാടക ആഭ്യന്തര മന്ത്രി ഡോ ജി. പരമേശ്വരനെ അറന്തോട് തെക്കിൽ റൂറൽ ഡെവലപ്മെന്റ് ഫൗണ്ടേഷന്റെയും ഗൂനഡ്കയിലെ തെക്കിൽ എജ്യുക്കേഷൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും ആഭിമുഖ്യത്തിൽ ആദരിച്ചു. സ്ഥാപക പ്രസിഡന്റ് ടി.എം. ഷാഹിദ് തെക്കിൽ സംഘടന പുറത്തിറക്കിയ പത്ത് മുസ്ലിം കഥകളടങ്ങിയ പുസ്തകവും ഷാളും മെമന്റോയും സമ്മാനിച്ചു. ദക്ഷിണ കന്നഡ ജില്ലാ കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റും ലെജിസ്ലേറ്റീവ് കൗൺസിൽ അംഗവുമായ ഹരീഷ് കുമാർ, മുൻ എം.എൽ.എ ജെ.ആർ.ലോബോ, നടി ഭാവന, എ.ജെ മെഡിക്കൽ കോളജ് പ്രസിഡന്റ് എ.ജെ.ഷെട്ടി, കാനച്ചൂർ മെഡിക്കൽ കോളജ് പ്രസിഡന്റ് കാനച്ചുരു മോനു, കോൺഗ്രസ് നേതാക്കളായ മിഥുൻ റായ്, ജി.എ ബാവ, ഡോ. ഇഫ്തിഖർ അലി, സുല്യ നഗർ പഞ്ചായത്ത് അംഗം ഷരീഫ് കാന്തി, സിദ്ദിഖ് കൊക്കോ തുടങ്ങിയവർ പങ്കെടുത്തു.



തെക്കിൽ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ കർണാടക ആഭ്യന്തര മന്ത്രി ഡോ. ജി. പരമേശ്വരനെ ആദരിച്ചപ്പോൾ

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.